# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. ബി.ജെ.പി യുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി മഹാരാഷ്ട്രയിലും തെലങ്കാനയിലും പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി ഇന്ന് മധ്യപ്രദേശിൽ.

   **Election campaigns intensified in the country. Senior BJP leader and PM Narendra Modi will address public meetings in Maharashtra and Telangana. Congress leader Rahul Gandhi will campaign in MadhyaPradesh today.**

2. കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ 71.27 ശതമാനം വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.

   **In Kerala, 71.27 percent votes polled in the Loksabha election said Chief election officer Sanjay Kaul.**

3. മണിപ്പൂരിലെ ആറ് പോളിംഗ് സ്റ്റേഷനുകളിൽ ഇന്ന് വീണ്ടും വോട്ടെടുപ്പ്.

   **Re polling is in progress in six polling stations in Manipur.**

4. കേരളത്തിൽ ഉഷ്ണതരംഗ മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ ഓറഞ്ച് ജാഗ്രത. സ്വയം പ്രതിരോധം ശക്തമാക്കാൻ ആരോഗ്യവകുപ്പിന്റെ നിർദ്ദേശം.

Heat wave alert in Kerala. Orange alert declared in Palakkad district. The health department directs people to take self precautions.

5. ഊട്ടി-കൊടൈക്കനാൽ യാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി മദ്രാസ് ഹൈക്കോടതി. അടുത്തമാസം 7 മുതൽ ഇ-പാസ് നിർബന്ധം.

Madras Highcourt directs to impose travel restrictions to Ooty and Kodaikanal. E-pass made mandatory from May 7.

6. ഐ.എസ്.എൽ ഫുട്ബോൾ സെമിയിൽ ഗോവയെ പരാജയപ്പെടുത്തി മുംബൈ സിറ്റി ഫൈനലിൽ. ഇന്ത്യ-ബംഗ്ലാദേശ് വനിതാ ടി-20 പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

In ISL football Mumbai city stormed into finals after defeating Goa in semifinals. Meanwhile the second match of India- Bangladesh Women's T20 to be played today.

&&&&&&&&&&&&&&&&&&

## ELECTION CAMPAIGN

രാജ്യത്ത് വരുംഘട്ടങ്ങളിലേയ്ക്കുള്ള ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജിതമാക്കി മുന്നണികൾ. പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിലും തെലങ്കാനയിലും വിവിധ തിരഞ്ഞെടുപ്പ് സമ്മേളനങ്ങളെ അഭിസംബോധന ചെയ്യും. ബി.ജെ.പിയുടെ മുതിർന്ന നേതാവ് അമിത്ഷാ ഇന്ന് പശ്ചിമബംഗാളിൽ തിരഞ്ഞെടുപ്പ് പ്രചാരണം നടത്തും. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി മധ്യപ്രദേശിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## CONGRESS- BJP – ECI

തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട് കോൺഗ്രസ്-ബി.ജെ.പി നേതൃത്വങ്ങൾ തിരഞ്ഞെടുപ്പു കമ്മീഷനെ സമീപിച്ചു. പശ്ചിമ ബംഗാളിൽ ലോക്സഭാ തിരഞ്ഞെടുപ്പിനിടെ വ്യാജ വീഡിയോകൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ടാണ് ബിജെപി പ്രതിനിധി സംഘം തിരഞ്ഞെടുപ്പ് കമ്മീഷനെ കണ്ടത്. സമൂഹ മാധ്യമങ്ങൾ വഴി ഡീപ് ഫേക്ക് വീഡിയോകൾ പോസ്റ്റ് ചെയ്യുന്നതിലൂടെ കോൺഗ്രസ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് ബിജെപി നേതാവ് അശ്വിനി വൈഷ്ണവ് മാധ്യമങ്ങളോട് പ്രതികരിച്ചു. അതേസമയം, തങ്ങളുടെ തിരഞ്ഞെടുപ്പു പ്രകടന പത്രിക രാഷ്ട്രീയ പാർട്ടികൾ തെറ്റായി വ്യാഖ്യാനിച്ചെന്ന് ആരോപിച്ചാണ് കോൺഗ്രസ് തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചത്.

&&&&&&&&&&&&&&&&&&

## SANJAY KAUL

അന്തിമ പോളിങ്ങ് കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ലോക്സഭ തിരഞ്ഞെടുപ്പിൽ 71.27 ശതമാനം പോളിങ് രേഖപ്പെടുത്തിയതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. 2 കോടി 77 ലക്ഷത്തി 49,158 വോട്ടർമാരിൽ 1 കോടി 97 ലക്ഷത്തി 77,478 പേരാണ് സംസ്ഥാനത്ത് വോട്ട് രേഖപ്പെടുത്തിയത്. 78.41 ശതമാനം പോളിങ്ങ് രേഖപ്പെടുത്തിയ വടകര മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പേർ വോട്ട് ചെയ്തത്. പത്തനംതിട്ട മണ്ഡലത്തിലാണ് ഏറ്റവും കുറവ് പോളിങ്. വോട്ടെണ്ണൽ തുടങ്ങുന്നത് വരെ സർവീസ് വോട്ട് സ്വീകരിക്കുമെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## MANIPUR-REPOLLING

ഔട്ടർ മണിപ്പൂർ ലോക്സഭാ മണ്ഡലത്തിലെ ആറ് പോളിംഗ് സ്റ്റേഷനുകളിൽ ഇന്ന് വീണ്ടും വോട്ടെടുപ്പ്. ഉഖ്റുൽ ജില്ലയിലെ അഞ്ച് പോളിംഗ് സ്റ്റേഷനുകളിലും സേനാപതി ജില്ലയിലെ ഒരിടത്തുമാണ് ഇന്ന് രാവിലെ ഏഴു മുതൽ വൈകിട്ട് നാല് മണി വരെ വോട്ടെടുപ്പ് നടക്കുന്നത്. റീപോളിംഗ് നടക്കുന്ന ആറിടങ്ങളിൽ ഈ മാസം 26 നാണ് വോട്ടെടുപ്പ് നടന്നത്.

&&&&&&&&&&&&&&&&&&

## MP-WITHDREW NOMINATION

മധ്യപ്രദേശിലെ ഇൻഡോറിലെ കോൺഗ്രസ് സ്ഥാനാർത്ഥി അക്ഷയ് കാന്തി ബാം നാമനിർദ്ദേശ പത്രിക പിൻവലിച്ചു. ബിജെപി എംഎൽഎ രമേഷ് മെൻഡോലക്കൊപ്പമെത്തിയാണ് പത്രിക പിൻവലിച്ചത്. മെയ് 13 നു ഇൻഡോർ മണ്ഡലത്തിൽ വോട്ടെടുപ്പ് നടക്കാനിരിക്കെയുള്ള കൂറുമാറ്റം കോൺഗ്രസിന് വൻ തിരിച്ചടിയാകുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## DELHI HIGH COURT - PM

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദിയെ ആറു വർഷത്തേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും അയോഗ്യനാക്കണമെന്നാ വശ്യപ്പെടുന്ന ഹർജി, ഡൽഹി ഹൈക്കോടതി തള്ളി. മതത്തിന്റെ പേരിൽ ബിജെപിക്ക് വേണ്ടി വോട്ട് ചോദിച്ചെന്നാരോപിച്ച് നൽകിയ ഹർജിയാണ് തള്ളിയത്.

&&&&&&&&&&&&&&&&&&

## CONG LS CANDIDATES

ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള നാല് സ്ഥാനാർത്ഥികളെ കൂടി കോൺഗ്രസ് ഇന്നലെ പ്രഖ്യാപിച്ചു. പഞ്ചാബ് കോൺഗ്രസ് അധ്യക്ഷൻ അമരീന്ദർ സിംഗ്, ലുധിയാന ലോക്സഭാ മണ്ഡലത്തിലും പാർട്ടി നേതാവ് സുഖ്ജീന്ദർ സിംഗ് രൺധാവ, ഗുരുദാസ്പൂരിലും മത്സരിക്കും. മുൻ പഞ്ചാബ് മന്ത്രി വിജയ് ഇന്ദർ സിംഗ്ല, ആനന്ദ്പൂർ സാഹിബ് ലോക്സഭാ സീറ്റിൽ ജനവിധി തേടും.

&&&&&&&&&&&&&&&&&&

## VP - ARBITRATION SYSTEM

രാജ്യത്തിന്റെ തർക്ക പരിഹാര സംവിധാനത്തിൽ കാലോചിതമായ നവീകരണം ആവശ്യമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. സൊസൈറ്റി ഓഫ് ഇന്ത്യൻ ലോ ഫേംസിന്റെ പുതിയ കെട്ടിടം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മധ്യസ്ഥ നടപടികളിൽ ഐക്യത്തിനും പരസ്പര സഹകരണത്തിനും പ്രാധാന്യം നൽകണം. ആഗോള ആർബിട്രേഷൻ ഹബ്ബാകാൻ ഇന്ത്യയ്ക്ക് കഴിയുമെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## INDIA – CANADA

കാനഡയിലെ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പങ്കെടുത്ത പൊതുപരിപാടിയിൽ ഖലിസ്ഥാൻ അനുകൂല മുദ്രാവാക്യം വിളിച്ചതിൽ ഇന്ത്യ ശക്തമായ പ്രതിഷേധം അറിയിച്ചു. ഡൽഹിയിലെ കനേഡിയൻ ഡെപ്യൂട്ടി ഹൈക്കമ്മീഷണറെ നേരിട്ട് വിളിച്ചു വരുത്തിയാണ് വിദേശകാര്യമന്ത്രാലയം പ്രതിഷേധം അറിയിച്ചത്.

വിഘടനവാദത്തിനും തീവ്രവാദത്തിനും അക്രമത്തിനും കാനഡയിൽ രാഷ്ട്രീയ സാഹചര്യമൊരുക്കുന്നതിന് തെളിവാണിതെന്നും മന്ത്രാലയം വ്യക്തമാക്കി. ഇത്തരം പ്രവൃത്തികൾ ഇന്ത്യ - കാനഡ ബന്ധത്തെ ബാധിക്കുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEATWAVE KERALA (INTRO)

കേരളത്തിൽ മൂന്ന് ജില്ലകളിൽ ഉഷ്ണതരംഗ മുന്നറിയിപ്പ് നൽകി കേന്ദ്രകാലാവസ്ഥാവകുപ്പ്. പാലക്കാട് ജില്ലയിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. അടുത്ത മാസം രണ്ട് വരെ ജില്ലയിൽ കനത്ത ജാഗ്രത തുടരും.
ഒരു റിപ്പോർട്ട്....
(വോയിസ്)

## HEATWAVE KERALA (VOICE)

കൊല്ലം, തൃശൂർ ജില്ലകളിലും ഉഷ്ണതരംഗ മുന്നറിയിപ്പുണ്ട്. പന്ത്രണ്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. പാലക്കാട് താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെയ് രണ്ട് വരെ അടച്ചിടാൻ ജില്ലാ കലക്ടർ നിർദ്ദേശം നൽകി. സംസ്ഥാനത്തെ എല്ലാ സർക്കാർ ഐ.ടി.ഐ കൾക്കും ഇന്നുി മുതൽ മെയ് നാലുവരെ അവധി പ്രഖ്യാപിച്ചു. വെയിലത്ത് ജോലി ചെയ്യുന്നവരുടെ തൊഴിൽ സമയ ക്രമീകരണം 15 വരെ നീട്ടിയതായും മന്ത്രി വി.ശിവൻകുട്ടി അറിയിച്ചു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പും നിർദേശം നൽകിയിട്ടുണ്ട്. ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത്

സ്വയം പ്രതിരോധം ശക്തമാക്കണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. രാവിലെ 11 മുതൽ വൈകിട്ട് മൂന്നു മണിവരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രമിക്കണമെന്നാണ് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&&

## OOTY- KODAIKKANAL

ഊട്ടി-കൊടൈക്കനാൽ യാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി മദ്രാസ് ഹൈക്കോടതി. പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്താണ് നിയന്ത്രണം. മെയ് 7 മുതൽ ജൂൺ 30 വരെ ഇ- പാസ് ഏർപ്പെടുത്താനാണ് മദ്രാസ് ഹൈക്കോടതിയുടെ ഉത്തരവ്. പരിസ്ഥിതി ലോല പ്രദേശങ്ങളായ നീലഗിരി ജില്ലയിലെ ഉദഗമണ്ഡലം, ദിണ്ടിഗൽ ജില്ലയിലെ കൊടൈക്കനാൽ എന്നിവിടങ്ങളിൽ വിനോദ സഞ്ചാരത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് ഹൈക്കോടതി നിർദേശം. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് വാഹനങ്ങളുടെ പ്രവേശനം കുറച്ച് വിനോദസഞ്ചാരികളുടെ എണ്ണം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുമെന്ന് നീലഗിരി, ദിണ്ടിഗൽ കളക്ടർമാർ അറിയിച്ചു.

&&&&&&&&&&&&&&&&&&&

## DELHI HIGH COURT – KEJRIWAL

മദ്യനയ അഴിമതിക്കേസിൽ ഇ.ഡി അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജിയിൽ സുപ്രീംകോടതിയിൽ ഇന്നും വാദം തുടരും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയുമാണ് കേസിൽ ഇന്നലെ വാദം കേട്ടത്. അറസ്റ്റ് നിയമവിരുദ്ധമാണെന്ന വാദമാണ്

കെജ്‌രിവാളിൻറെ അഭിഭാഷകൻ അഭിഷേക് മനു സിംഗ്‌വി കോടതിയിൽ ഉയർത്തിയത്.

&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ രണ്ടാം പാദ സെമിയിൽ എഫ്.സി ഗോവയെ പരാജയപ്പെടുത്തി മുംബൈ സിറ്റി എഫ്.സി ഫൈനലിൽ കടന്നു. എതിരില്ലാത്ത രണ്ടു ഗോളുകൾക്കായിരുന്നു മുംബൈയുടെ വിജയം. മെയ് നാലിന് കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന ഫൈനൽ മത്സരത്തിൽ മുംബൈ സിറ്റി, മോഹൻ ബഗാനുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## WOMENS CRICKET

ഇന്ത്യ- ബംഗ്ലാദേശ് വനിതാ ടി- ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഉച്ചകഴിഞ്ഞ് 3.30 ന് ബംഗ്ലാദേശിലെ സിൽഹെട്ട് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ വിജയിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## IPL

ഐപിഎല്ലിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് 7 വിക്കറ്റ് ജയം. 154 റൺ വിജയലക്ഷ്യവുമായിറങ്ങിയ കൊൽക്കത്ത 16.3 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇന്ന് ലഖ്നൗ സൂപ്പർജയന്റ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30ന് ഏകനാ സ്പോർട്ട്സ് സിറ്റി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## BIRD FLU

ആലപ്പുഴ ജില്ലയിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശങ്ങളിൽ താറാവുകളെയും മറ്റ് പക്ഷികളെയും കൂട്ടത്തോടെ കൊന്ന് കുഴിച്ചുമൂടുന്ന നടപടിയ്ക്ക്
ഇന്ന് തുടക്കമാകും. ഇതിനായി ദ്രുത കർമ്മ സേനയെ നിയോഗിച്ചുണ്ട്. എടത്വ പഞ്ചായത്ത് പത്താം വാർഡിലും അമ്പലപ്പുഴ വടക്കു പഞ്ചായത്ത് ഏഴാം വാർഡിലും തകഴി ഗ്രാമപഞ്ചായത്ത് നാലാം വാർഡിലും ആണ് പക്ഷിപനി സ്ഥിരീകരിച്ചത്.

&&&&&&&&&&&&&&&&&&

## UGC NET POSTPONED

ഈ വർഷത്തെ യുജിസി-നെറ്റ് പരീക്ഷ ജൂൺ 16-ൽ നിന്ന് ജൂൺ 18-ലേക്ക് മാറ്റി. ഉദ്യോഗാർത്ഥികളുടെ അഭിപ്രായം പരിഗണിച്ചാണ് തീരുമാനം. രാജ്യത്തുടനീളം ഒരു ദിവസം തന്നെയായിരിക്കും പരീക്ഷയെന്ന് യുജിസി അറിയിച്ചു .

&&&&&&&&&&&&&&&&&&

## ASSAM RIFLES - ARMS

നാഗാലാൻഡിലെ മോൺ ജില്ലയിൽ ഇൻഡോ-മ്യാൻമാർ അതിർത്തിക്ക് സമീപത്ത് നിന്ന് അസം റൈഫൽസ് വൻതോതിൽ ആയുധശേഖരം പിടിച്ചെടുത്തു. സംഭവവുമായി ബന്ധപ്പെട്ട് ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രദേശത്തെ സമാധാനം നശിപ്പിക്കാൻ ശ്രമിക്കുന്ന രാജ്യവിരുദ്ധ പ്രവർത്തകർക്ക് ഇത് വലിയൊരു തിരിച്ചടിയാണെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. അതിർത്തി സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി അസം റൈഫിൽസ്

നടത്തുന്ന പ്രവർത്തനങ്ങളുടെ വിജയമാണിതെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## TRAIN DERAILMENT

മുംബൈ ഛത്രപതി ശിവജി ടെർമിനസ് റെയിൽവേ സ്റ്റേഷന് സമീപം ട്രെയിൻ പാളംതെറ്റി. ഇന്നലെ പൻവേൽ നിന്ന് സി.എസ്.എം.ടി സ്റ്റേഷനിലേക്കു പോവുകയായിരുന്ന ലോക്കൽ ട്രെയിനിന്റെ ഒരു കോച്ച് പാലത്തിൽ നിന്നും തെന്നി മാറുകയായിരുന്നു. ഇതേ തുടർന്ന് പാതയിൽ അൽപ സമയം ട്രെയിൻ ഗതാഗതാഗതം തടസപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&

&&&